# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.624 — 04.02.2020 ൽ മറുപടിയ്ക്ക്

### പുരപ്പുറ സൗരോർജ്ജ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ഇ.ബി.യുടെ സൗര പദ്ധതിയുടെ ഭാഗമായി ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതിയിലേയ്ക്ക് ആകെ 2,78,258 ഉപഭോക്താക്കളാണ് അപേക്ഷ നൽകിയിരിക്കുന്നത്. കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ സോളാർ കോർഡിനേറ്റർമാർ പറഞ്ഞ എല്ലാ സ്ഥലങ്ങളും സന്ദർശിച്ച് നടത്തിയ പ്രാഥമിക സാദ്ധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ 42,489 പുരപ്പുറങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ടമായി 50 മെഗാവാട്ടിന്റെ കരാറുകാരെ നിശ്ചയിക്കാനുള്ള നടപടികൾ പൂർത്തിയായി. |
| (ബി) | സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായോ; ഏതൊക്കെ കമ്പനികളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | ആദ്യഘട്ടമായ 50 മെഗാവാട്ടിന്റെ കരാറുകാരെ നിശ്ചയിക്കാനുള്ള നടപടികൾ പൂർത്തിയായി. രണ്ടാം ഘട്ടമായ 60 മെഗാവാട്ടിന്റെ റീ-ടെൻഡറിംഗ് ജോലികൾ നടന്നു വരുന്നു.<br>ടാറ്റാ പവർ സോളാർ സിസ്റ്റം ലിമിറ്റഡ്, മുംബൈ, ഇങ്കൽ ലിമിറ്റഡ്, കൊച്ചി, വാരി എഞ്ചിനീയറിംഗ് ലിമിറ്റഡ്, മുംബൈ എന്നീ കമ്പനികളാണ് യോഗ്യത നേടിയത്. ഇതിൽ ടാറ്റാ പവർ സോളാർ ലിമിറ്റഡ്, മുംബൈ, 2020 ജനുവരി മാസം 27 - ാം തീയതി കരാറിൽ ഒപ്പ് വെച്ചിട്ടുണ്ട്. |
| (സി) | 2020 മാർച്ച് മാസത്തിനുള്ളിൽ 200 മെഗാവാട്ട് പുറപ്പുര സോളാർ പ്ലാന്റ് ലക്ഷ്യമിട്ടതുപോലെ സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി.യ്ക്ക് സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോയെന്ന് അറിയിക്കുമോ? | (സി) | 2020 ജൂൺ മാസത്തോടെ ആദ്യഘട്ടമായ പുരപ്പുറ സൗരോർജ്ജ പദ്ധതി പൂർത്തിയാക്കാൻ സാധിക്കും എന്നാണ് കണക്കാക്കുന്നത്. |

സെക്ഷൻ ഓഫീസർ